

# മഴയും ഞാനും

**മോഹൻ തൃശൂർ**

ഒന്ന്

മഴ വന്നു വിളിച്ചപ്പോഴാണ്
അമ്മയിൽ നിന്നും ഞാനിറങ്ങിവന്നത്.
ചിന്നിപ്പോയൊരോടിൻ വിടവിലൂടെ
ചിന്ന മഴത്തുള്ളി അമ്മവയറ്റിൽ തൊട്ടത്രേ.
പിന്നന്നു പകലും രാവും മുഴുവൻ
ഞാനും മഴയും കൂവിത്തിമിർത്തത്രേ.

രണ്ട്

ഒരു കുട നിറയെ മഴയുമായി
ഒന്നാം ക്ലാസ്സിലേക്കൊക്കത്തെടുത്തതും
ഒന്നുമില്ലാത്തലയായ്ത്തുലഞ്ഞൊരെൻ
ശുഷ്ക്കജീവിതം നനച്ചു നിറച്ചതും മഴ

കരച്ചിലുകൾ പെയ്തു മറച്ചതും
സന്തോഷങ്ങളിൽ തിമിർത്തതും മഴ.
രോഷങ്ങളിലേക്കിടിയും മിന്നലും.
വിരഹപ്പൊള്ളലിൽ അമൃതവർഷിണി.

മൂന്ന്

മഴ വന്നു വിളിച്ചപ്പോളാണ്
അമ്മയിൽ നിന്നും ഞാനിറങ്ങിപ്പോയത്.
ചിന്നിപ്പോയൊരുബോധത്തിൻ വിടവിലൂടെ
കുളിരായി വന്നു മഴ വിളിച്ചു, വരൂ
പനിക്കിടക്കയിൽ കിടന്നു പൊള്ളാതെ
മരിച്ചവരുടെ തണുപ്പിലേക്കിറങ്ങി വരൂ.
മഴ മിഴികൾ പൂട്ടി ക്ഷണക്കത്ത് തന്നു.
മഴയിഴകൾക്കിടയിലേക്ക് ഞാൻ ഇറങ്ങിച്ചെന്നു.
'നശിച്ച മഴ, ഒടുക്കത്തെ മഴ, പണ്ടാരമടങ്ങാന്'
എനിക്കുള്ള പ്രാക്കുകൾ മഴയെടുത്തു.
നനഞ്ഞു കുതിർന്ന ശവമഞ്ചത്തിന്റെ
നാല് മൂലയിലും മഴ ഹാലേലുയ്യാപാടി.
പാതിയും മഴ നിറഞ്ഞ കുഴിയിലേക്കിറങ്ങുമ്പോൾ
പതിയെ വന്നു തൊട്ടു, പഴയ മഴത്തുള്ളി
പിന്നെ പകലുകൾ രാവുകളെല്ലാം
ഞാനും മഴയും കൂവിത്തിമിർത്തത്രേ.

■

# ആധാർ

**റഹ്മാൻ ചോറ്റൂർ**

ഇന്നലെ വരെ നിന്റെ കണ്ണുകളിൽ
എനിക്ക് മുഖം നോക്കാമായിരുന്നു.
പക്ഷേ,
ഇന്നതിൽ പുതുനിറങ്ങളും
പുതിയ മുഖങ്ങളും
വന്നു നിറഞ്ഞിരിക്കുന്നു.

ഒരാളെപ്പോലെ
ഏഴു പേരുണ്ടാവാമെന്ന് നീ
പുറത്തു തലോടിയെങ്കിലും
എനിക്കാശ്വസിക്കാനാവുന്നില്ല.

ഒന്നു മുഖം നോക്കാൻ
ഞാനാരെന്ന് തിരിച്ചറിയാൻ....
പുതിയൊരു കണ്ണാടിക്കായി ഞാൻ
ഗല്ലിയിലേക്കിറങ്ങി,
തെരുവ് നീളെ നിന്റെ കൂട്ടർ
ഉടച്ചിട്ട കണ്ണാടികൾ
ഭീതിതമാം വിധം
ചിതറിക്കിടന്നു.

ഇനി...
നിനക്ക് പോലും
തിരിച്ചറിയാനാവാത്ത ഈ
ഭ്രൂണജീവനൊരാധാരമായി
ഒരു തിരിച്ചറിയൽ കാർഡെങ്കിലും
എവിടുന്ന് കിട്ടും?!



# ഉമ്മമേനിയുടെ ശരിക്രമം അഥവാ പര്യായം

**മുഹ്സിൻ അലി മട്ടാഞ്ചേരി**

മുഖം
മാഞ്ഞുപോകാത്ത മുദ്ര.
**കണ്ണുകൾ**
കനിവും കർക്കശവും.
**ചൂണ്ടുവിരൽ**
നേരെ നടക്കാൻ പഠിച്ച പാഠശാല.
**മനസ്സ്**
സഹനവും സങ്കടങ്ങളും
സഹവസിക്കും വീട്.
**മാറിടം**
അമൃത് പെയ്ത ആകാശം.
**സ്നേഹം**
ആഴം അറിയാത്ത ഉറവ്.
**മന്ദഹാസം**
വഴിത്താരയിലെ വെളിച്ചം.
**ഗർഭപാത്രം**
വില ഇടാനാവാത്ത നിലവറ.
**ഗർഭകാലം**
ത്രസിച്ചുകൊണ്ടിരുന്ന പ്രതീക്ഷ.
**തൃപ്തി**
ഉയരങ്ങളിലേക്കുള്ള ഊർജം.
**ആജ്ഞകൾ**
മധുകിനിയും ഉപ്പുനീര്.
(ആദ്യം എതിർക്കും പിന്നെ ഖേദിക്കും)

